**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2746 20.03.2015 -ലെ മറുപടിയ്ക്ക്

**<u>അക്കാഡമിക് സിറ്റി</u>**

*ചോദ്യം*
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമഗ്രമായ വിദ്യാഭ്യാസ മുന്നേറ്റങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ; | (എ) | സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 20 സർക്കാർ കോളേജുകളും 4 എയ്ഡഡ് കോളേജുകളും അനുവദിച്ചിട്ടുണ്ട്. അർഹമായ കോളേജുകൾക്ക് സ്വയംഭരണം നൽകുക, വിദ്യാർത്ഥി സംരംഭകത്വ പദ്ധതി, സർവ്വകലാശാലകളിലും കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ e-Governance പദ്ധതി, സാങ്കേതിക വിദ്യാഭ്യാസ പുരോഗതിക്കായി TEQUIP, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സയൻസ് & ടെക്ക്നോളജി പാർക്ക്, വിദ്യാർത്ഥികൾക്കായി അധിക തൊഴിൽ നൈപുണ്യ ആർജ്ജിത പദ്ധതി (ASAP), വാക്ക് വിത്ത് എ സ്കോളർ (WWS), അധ്യാപക പരിശീലനത്തിനായി ക്വോളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP). സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് ഫോർ എംപവറിംഗ് പ്രിൻസിപ്പൽസ് (STEP), ഓപ്റ്റിമം പ്രോഗ്രാം ഫോർ ടീച്ചേഴ്സ് ഇൻ ഇൻക്രീസിംഗ് അവയർനസ് (OPTIMA), ട്രെയിനിംഗ് ഫോർ എംപവറിംഗ് |

| | | | |
|---|---|---|---|
| | | | സീനിയർ ടീച്ചേഴ്സ് (TEST), മലപ്പുറത്ത് LBS ന്റെ IIST, പാലക്കാട് IIT തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസയ്ക്ക് വേണ്ടി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ദുബായ് അക്കാഡമിക് സിറ്റിയുടെ മാതൃകയിൽ ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർ, ആസൂത്രണ ബോർഡ് അംഗം ശ്രീ വിജയരാഘവൻ എന്നിവരടങ്ങിയ ഉന്നതതല സംഘം ദുബായ് അക്കാഡമിക് സിറ്റി അധികൃതരുമായി ചർച്ച നടത്തി ബഹു. മുഖ്യ മന്ത്രിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിന് 1 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ